## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1129 — 20/01/2014-ൽ മറുപടിക്ക്

### സൗജന്യ യൂണിഫോം വിതരണത്തിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം വിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ പ്രസ്തുത പദ്ധതി ഏതൊക്കെ ക്ലാസ്സു വരെയുള്ള കുട്ടികൾക്കാണ് നടപ്പിലാക്കുന്നതെന്നും പദ്ധതി നടപ്പിലാക്കുന്നതിന് ഏതൊക്കെ സ്കൂളുകളെയാണ് തെരഞ്ഞെടുക്കുന്നതെന്നും ഗവ./ എയ്ഡഡ്/സ്വകാര്യ സ്കൂൾ തിരിച്ച് അറിയിക്കുമോ;

(എ) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/ എയിഡഡ് സ്കൂളുകളിലേയും 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ സ്കൂൾ യൂണിഫോം വിതരണം ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൽ 7,247 എയിഡഡ് സ്കൂളുകളും. 4,157 സർക്കാർ സ്കൂളുകളും ഉണ്ടെന്ന് കണക്കാക്കുന്നു.

(ബി) സ്കൂളിലെ എല്ലാ കുട്ടികൾക്കും ആൺ/പെൺ വ്യത്യാസമില്ലാതെ യൂണിഫോം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എ.പി.എൽ./ ബി.പി.എൽ. മാനദണ്ഡം യൂണിഫോം വിതരണത്തിന് ബാധകമാണോ;

(ബി) ഗവൺമെന്റ്/എയിഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ സ്കൂൾ യൂണിഫോം വിതരണം ചെയ്യാനാണ് തീരുമാനം.

| | | | |
|---|---|---|---|
| (സി) | എ.പി.എൽ./ബി.പി.എൽ. അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണം നടത്തിയാൽ സ്കൂൾ കുട്ടികൾക്കിടയിൽ ഉണ്ടാകുവാൻ സാധ്യതയുള്ള വേർതിരിവിനെയും അസമത്വത്തെയും കുറിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ തയ്യാറാകുമോ; | (സി) | വേർതിരിവിന്റെയോ അസമത്വത്തിന്റെയോ പ്രശ്നം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഒരേ നിറത്തിലുള്ള യൂണിഫോം അടുത്തടുത്തുള്ള സ്കൂളുകളിൽ വരാതിരിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ഡി) | യൂണിഫോം തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം അതത് സ്കൂൾ അധികാരികൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ